30/04/2024 ന് രാവിലെ 10.00 മണിക്ക് തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് ഓഫിസില് വെച്ച് ചേർന്ന സിറ്റിസണ് അസിസ്റ്റന്റ് ഉപജില്ലാ സമിതി 4 ന്റെ യോഗത്തിൽ പങ്കെടുത്തവരും തീരുമാനങ്ങളും

1. വി. വി. രത്നാകരൻ -കൺവീനർ & ഐ. വി. ഒ -(ഒപ്പ് )

2. ദിലീപ് കുമാർ കെ -അസിസ്റ്റൻറ് എക്സി. എൻജിനിയർ LSGD -(ഒപ്പ് )

3. രാജീവ് പി എം-അസിസ്റ്റൻറ് ടൌണ് പ്ലാനർ LSGD Planning-(ഓൺലൈനില് പങ്കെടുത്തു)

4. അനിൽ എസ്,സെക്രട്ടറി മാങ്ങാട്ടിടം ഗ്രാമ പഞ്ചായത്ത് -(ഒപ്പ് )

5. ജിജേഷ് ഓവർസിയര് മാങ്ങാട്ടിടം ഗ്രാമ പഞ്ചായത്ത് - (ഒപ്പ് )

6. ഷീന പി സീനിയർ ക്ലാർക്ക് എരഞ്ഞോളി ഗ്രാമ പഞ്ചായത്ത് -(ഒപ്പ് )

7. ഷിഖിൽ എം ഫസ്റ്റ് ഗ്രേഡ് ഓവർസിയര് എരഞ്ഞോളി ഗ്രാമ പഞ്ചായത്ത് -(ഒപ്പ് )

8. സിന്ധു സി എരഞ്ഞോളി -(ഒപ്പ് )

9. സി.പി.അഷ്റഫ് (ഷഫീഖിനു വേണ്ടി ) -(ഒപ്പ്)

<u>60/04-2024 DT. 30/04/2024 ( എരഞ്ഞോളി ഗ്രാമ പഞ്ചായത്ത് )</u>

ഉപജില്ലാ അദാലത്ത് സമിതി പോർട്ടലിൽ ശ്രീമതി സിന്ധു സി , പ്രീതാ നിവാസ്, പി.ഒ തിരുവങ്ങാട് തലശ്ശേരി, എന്നവർ ലഭ്യമാക്കിയ കിണർ നിർമ്മിച്ചതിൽ ചട്ടലംഘനം ഉള്ളതുകൊണ്ട് വീട്ടുനമ്പർ അനുവദിക്കുന്നില്ല എന്ന പരാതിയിൽ ,ഫയൽ പരിശോധിച്ചതിൽ നിന്നും അപേക്ഷകയെ നേരിൽ കേട്ടതിൽ നിന്നും, അപേക്ഷക സമർപ്പിച്ച വാസ ഗൃഹ കെട്ടിടത്തിന്റെ ക്രമവൽക്കരണ അപേക്ഷയിൽ KPBR 2019 ചട്ടം 75 ( 2 ) പാലിക്കാതെ കിണർ നിമ്മാണം നടത്തിയതിനാൽ താങ്കളുടെ അപേക്ഷ പരിഗണിക്കാൻ കഴിയില്ല എന്ന വിവരം 21/02/2024 ലെ 401065/BRRL01/GPO/2023/7606/(4) കത്ത് പ്രകാരം സെക്രട്ടറി എരഞ്ഞോളി ഗ്രാമപഞ്ചായത്ത് അപേക്ഷകയെ അറിയിച്ചതായി കാണുന്നു. നേരിൽ കേട്ട സമയത്ത് ചട്ടലംഘനം ഉണ്ടായിട്ടുണ്ട് എന്ന് അപേക്ഷക അറിയിക്കുകയും ചെയ്തിട്ടുണ്ട്.

സെക്രട്ടറിയുടെ നോട്ടീസിൽ പറഞ്ഞിരിക്കുന്ന ചട്ടലംഘനം പരിഹരിച്ച ശേഷം ക്രമവൽക്കരണ അപേക്ഷ സമർപ്പിക്കുന്ന മുറക്ക് മാത്രമേ ഗ്രാമപഞ്ചായത്തിന് നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ എന്ന് സമിതി നിരീക്ഷിച്ചു. ആയത് പ്രകാരം അപേക്ഷ സമർപ്പിക്കുന്നതിന് വേണ്ടി അപേക്ഷകയെ നേരിൽ കേട്ട സമയത്ത് അറിയിച്ചിട്ടുണ്ട്. ടി വിവരം രേഖാമൂലം അപേക്ഷകയെ അറിയിക്കുന്നതിന് സെക്രട്ടറിയോട് നിർദ്ദേശിച്ചു തീരുമാനിച്ചു

61/04-2024 DT. 30/04/2024 ( മാങ്ങാട്ടിടം ഗ്രാമ പഞ്ചായത്ത് )

ഉപജില്ല അദാലത്ത് സമിതി പോർട്ടലിൽ സെക്രട്ടറി മെരുവമ്പായി ഖിദ്മത്തുദ്ദീൻ സഭ, മെരുവമ്പായി, PO നീർവേലി എന്നവർ ബഹു തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി മുമ്പാകെ സമർപ്പിച്ച പരാതി സ്ഥിരം അദാലത്ത് സമിതി പരിശോധിക്കുക എന്ന നിർദ്ദേശത്തോടെ ലഭ്യമാക്കിയത് അദാലത്ത് സമിതി പരിശോധിച്ചു.

മൂന്നാം പീടികയിൽ 2013ൽ നിർമ്മിച്ച ഇസ്ലാം മദ്രസക്കും കണ്ടേരി 2019 ൽ നിർമ്മിച്ച മദ്രസക്കും ബിൽഡിംഗ് നമ്പർ ലഭിച്ചിട്ടില്ല. മൂന്നാം പീടികയിലുള്ള ഹയാത്തുൽ ഇസ്ലാം മദ്രസ തൊട്ടടുത്ത് സ്ഥിതി ചെയ്യുന്ന മെരുവമ്പായി മഹല്ല് കമ്മിറ്റിയുടെ കെ എം എൽ പി സ്കൂളിന്റെ ആവശ്യങ്ങൾക്കും ഉപയോഗിക്കുന്നതാണ് ഈ രണ്ടു മദ്രസകൾക്കും നമ്പർ ലഭിക്കുന്നതിനായി മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിൽ പലതവണകളായി നിരന്തരം ശ്രമിച്ചിട്ടും പല സാങ്കേതിക കാരണങ്ങൾ പറഞ്ഞ് നമ്പർ നിരസിക്കുകയാണ്. ആയതിനാൽ നമ്പർ അനുവദിച്ചു തരുന്നതിനുള്ള നടപടികൾ സ്വീകരിക്കണം എന്നുള്ളതാണ് പരാതി

ടി പരാതിയിൽ ഫയൽ പരിശോധിച്ചതിൽ നിന്നും അപേക്ഷകരെ നേരിൽ കേട്ടതിൽ നിന്നും ടി സ്ഥലങ്ങൾ കൂടി നേരിട്ട് പരിശോധിച്ചതിന് ശേഷം മാത്രമേ തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ എന്ന് കമ്മിറ്റി വിലയിരുത്തി. ആയതിനാൽ സ്ഥലം പരിശോധിച്ച് തീരുമാനം എടുക്കുന്നതിന് വേണ്ടി പരാതി അടുത്ത കമ്മിറ്റിയിലേക്ക് മാറ്റിവയ്ക്കുന്നതിന് തീരുമാനിച്ചു

62/04-2024 DT. 30/04/2024 ( പിണറായി ഗ്രാമ പഞ്ചായത്ത് )

ഉപജില്ല അദാലത്ത് പോർട്ടലിൽ, ശ്രീ അരയത്ത് കൂട്ടേരി പ്രമോദ്, അമരാവതി എരുവട്ടി, എന്നവർ ബഹു: വ്യവസായ വകുപ്പ് മന്ത്രിക്ക് സമർപ്പിച്ച പരാതി ,അദാലത്ത് സമിതി പരിശോധിച്ച് തീർപ്പാക്കുക എന്ന നിർദ്ദേശത്തോടെ ബഹു തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ,ലഭ്യമാക്കിയത് അദാലത്ത് സമിതി പരിശോധിച്ചു

ഒരു കാരണവുമില്ലാതെ 200 സ്ക്വയർ ഫീറ്റിൽ താഴെയുള്ള കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള അപേക്ഷ പിണറായി ഗ്രാമ പഞ്ചായത്ത് തടഞ്ഞുവെക്കുന്നു എന്നതാണ് പരാതി

ടി വിഷയം സംബന്ധിച്ച പരാതി ഉപജില്ലാ അദാലത്ത് സമിതിയുടെ 04/03/2024 ലെ യോഗത്തിൽ പരിഗണിക്കുകയും അപേക്ഷകനെയും പഞ്ചായത്ത് പ്രതിനിധികളെയും നേരിൽ കേട്ടതിൽ നിന്നും ഫയൽ പരിശോധിച്ചതിൽ നിന്നും ടി സ്ഥലം കൂടി നേരിൽ പരിശോധിച്ചതിന് ശേഷം മാത്രമേ തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ എന്ന് 04/03/2024 ലെ 48/02-2024 തീരുമാനമെടുത്തതിന്റെ അടിസ്ഥാനത്തിൽ 12/03/2024 ന് പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയര് ഉൾപ്പെടെ അപേക്ഷകന്റെ സാന്നിധ്യത്തില് അദാലത്ത് സമിതി സ്ഥലം പരിശോധിച്ച് 12/03/2024 ലെ 50/03-2024 പ്രകാരം തീരുമാനമെടുക്കുകയും ആയത് പഞ്ചായത്ത് സെക്രട്ടറി മുഖാന്തിരം അപേക്ഷകനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. ടി തീരുമാനത്തിന്റെ അടിസ്ഥാനത്തില് അപേക്ഷകന് പുതുക്കിയ അപേക്ഷ ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കുകയും ആയതില് നടപടി സ്വീകരിച്ചു വരുന്നതായും

അറിയിച്ചിട്ടുണ്ട് .കൂടാതെ ടി വിഷയം അപേക്ഷകനെ ഫോൺ മുഖാന്തിരം അറിയിച്ചപ്പോള് അപേക്ഷയിൽ ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിച്ചു വരുന്നതിനാല് ഇതുമായി ബന്ധപ്പെട്ട മറ്റ് പരാതികൾ ഇല്ല എന്നും അറിയിച്ചിട്ടുണ്ട് . ആയതിന്റെ അടിസ്ഥാനത്തിൽ ടി വിഷയവുമായി ബന്ധപ്പെട്ട് മറ്റ് നടപടികൾ ആവശ്യമില്ല എന്ന് സമിതി നിരീക്ഷിച്ചു .

യോഗം 01.00 മണിക്ക് അവസാനിച്ചു ,അടുത്ത യോഗം 09/05/2024 ന് ചേരുന്നതിനു തീരുമാനിച്ചു

//ശരിപകർപ്പ് //

RATNAKARAN. V.V.
PEN: 475963
ASSISTANT DIRECTOR & INTERNAL VIGILANCE OFFICER
O/o THE JOINT DIRECTOR
LOCAL SELF GOVERNMENT DEPARTMENT
CIVIL STATION, KANNUR - 670002